നം. സി.ഇ.ഇ/2834/07/റ്റി.എ.1

**കേരള സർക്കാർ**

# പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## വിജ്ഞാപനം

**വിഷയം:- 2008-'09 വർഷത്തിൽ എം.ബി.ബി.എസ്./ബി.ഡി.എസ്. കോഴ്സുകൾക്ക് അലോട്ട്മെന്റ് ലഭിക്കുന്നതിന് അർഹരായ പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥി കളുടെ പ്രത്യേക ലിസ്റ്റ് തയ്യാറാക്കുന്നത് സംബന്ധിച്ച് -**

**സൂചന:- സ.ഉ.(എം.എസ്.)നം.116/2008/ഉ.വി.വ., തിരുവനന്തപുരം, തീയതി: 27.09.2008.**

2008 - ലേയ്ക്കുള്ള എം.ബി.ബി.എസ്. / ബി.ഡി.എസ്. കോഴ്സ് പ്രവേശനത്തിന് പ്രോസ്പെക്ടസ് പ്രകാരമുള്ള നിശ്ചിത യോഗ്യതയില്ലാത്ത പട്ടികവർഗ്ഗ വിഭാഗത്തിൽ പ്പെടുന്ന വിദ്യാർത്ഥികൾക്ക് പുതുക്കിയ മാനദണ്ഡം 2008-'09 വർഷത്തേയ്ക്ക് മാത്രമായി നിശ്ചയിച്ച് സർക്കാർ ഉത്തരവായിരിക്കുന്നു.

ഈ ഉത്തരവ് പ്രകാരം, മെഡിക്കൽ/ഡന്റൽ കൗൺസിലുകൾ നിശ്ചയിച്ചിട്ടുള്ളതും പ്രോസ്പെക്ടസിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതുമായ മാനദണ്ഡങ്ങൾ അനുസരിച്ച് പ്രവേശനം നേടാൻ കഴിയാത്ത പട്ടികവർഗ്ഗ വിദ്യാർത്ഥികൾ, യോഗ്യതാ പരീക്ഷയിൽ (പ്ലസ്ടു/തത്തുല്യം) ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നീ വിഷയങ്ങൾക്ക് മൊത്തമായി കുറഞ്ഞത് 40% മാർക്ക് നേടിയിരിക്കണം.

യോഗ്യതാ പരീക്ഷയിൽ 40 ശതമാനത്തിൽ കുറയാത്ത മാർക്ക് ലഭിച്ച പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എല്ലാ വിദ്യാർത്ഥികളും, അവരുടെ യോഗ്യതാ പരീക്ഷയുടെ (പ്ലസ്ടു/തത്തുല്യം) മാർക്ക് ലിസ്റ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പും അഡ്മിറ്റ് കാർഡിന്റെ പകർപ്പും, **പ്രവേശന പരീക്ഷാ കമ്മീഷണർ, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ, തിരുവനന്തപുരം - 695001**, എന്ന വിലാസത്തിൽ **10.10.2008** വൈകുന്നേരം 5 മണിക്ക് മുമ്പ് ലഭിയ്ക്കത്തക്ക വിധത്തിൽ അയയ്ക്കേണ്ടതാണ്. **മാർക്ക് ലിസ്റ്റിൽ വിദ്യാർത്ഥി യുടെ പേര്, പ്രവേശന പരീക്ഷയുടെ പേര്, പ്രവേശന പരീക്ഷയുടെ റോൾ നമ്പർ എന്നിവ രേഖപ്പെടുത്തിയിരിക്കണം.**

**10.10.2008** വൈകുന്നേരം 5 മണിക്ക് ശേഷം ലഭിക്കുന്ന മാർക്ക് ലിസ്റ്റുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

ഈ ഉത്തരവ് പ്രകാരം എം.ബി.ബി.എസ്. / ബി.ഡി.എസ്. കോഴ്സുകളിലേയ്ക്ക് നടത്തുന്ന അലോട്ട്മെന്റ്, ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ പരിഗണനയിലുള്ള റിട്ട് പെറ്റിഷന്മേലുള്ള (നം. 393/2008) തീരുമാനത്തിന് വിധേയമായിരിക്കും.



തിരുവനന്തപുരം

30.09.2008

**പ്രവേശന പരീക്ഷാ കമ്മീഷണർ**